# പാറശ്ശാല
ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 ലക്കം 5 സെപ്തംബർ – ഒക്ടോബർ 2022




## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 28-ാം ഓർമ്മപ്പെരുന്നാൾ



മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ പ്രൊവിൻസ് തലത്തിലുള്ള റൂബി ജൂബിലി ഉദ്ഘാടനത്തിൽ പങ്കെടുത്തവർ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം



സൺഡേസ്കൂൾ ഭദ്രാസനതല എക്സിക്യൂട്ടീവ് അംഗങ്ങൾ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം



എം.സി.സി.എൽ. ഭദ്രാസനതല എക്സിക്യൂട്ടീവ് അംഗങ്ങൾ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയോടൊപ്പം

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5   സെപ്തംബർ – ഒക്ടോബർ 2022 ലക്കം 5

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose Konathuvila


*Printed & Published By*
Very Rev. Fr. Bijoy Ooralivila

*(Private Circulation Only)*

### ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 2 |
| സഭാ വാർത്തകൾ | 6 |
| ഭദ്രാസന വാർത്തകൾ | 8 |
| വിശ്വാസ പരിശീലന കാര്യാലയം | 16 |
| എം.സി.വൈ.എം. | 18 |
| എം.സി.എ. | 28 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 31 |
| ക്ഷേമ | 34 |
| മാതൃവേദി | 38 |
| വിദ്യാഭ്യാസം | 41 |

# ഇടയശബ്ദം



പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മൾ ഒരു പുതിയ ഭദ്രാസനമായി നമ്മുടെ സഭാജീവിതത്തെ ക്രമീകരിച്ചിട്ടു അഞ്ചു വർഷങ്ങൾ പൂർത്തിയാകുന്നു. ഈ കഴിഞ്ഞ വർഷങ്ങൾ അനന്തമായ ദൈവപരിപാലനയുടെ ആഴമുള്ള അനുഭവങ്ങളാണ് നമുക്ക് സമ്മാനിച്ചത്. വലിയ പരിമിതികളുടെ മദ്ധ്യേ നിന്നു നാം നമ്മുടെ കൂട്ടായ സഭാജീവിതം കെട്ടിപ്പടുക്കുവാനുള്ള ശ്രമത്തിലായിരുന്നു. ഒരു ഭദ്രാസനമെന്ന നിലയിൽ നമ്മുടെ സഭാജീവിതവും ശുശ്രൂഷയും സാക്ഷ്യവും സജീവമാക്കുവാനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ദൈവം നമുക്ക് ഔദാര്യപൂർവം സമ്മാനിച്ചു. നമ്മുടെ വൈവിധ്യമാർന്ന ഭദ്രാസനശുശ്രൂഷകൾ നമ്മുടെ വ്യക്തിപരമായ ആത്മീയോത്കർഷത്തിനും കുടുംബമൂല്യങ്ങളുടെ പരിപോഷണത്തിനും ഇടവക കൂട്ടായ്മകളുടെ ശാക്തീകരണത്തിനും ഒരു വലിയ പരിധിവരെ നമ്മെ സഹായിച്ചിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾക്കും യുവജനത്തിനും ചൈതന്യവത്തായ സുവിശേഷ സമർപ്പണത്തിലേക്കു പ്രവേശിക്കുവാൻ ഭദ്രാസനതല ക്രമീകരണങ്ങൾ കാരണമായി.

ഇതിനോടൊപ്പം നമ്മുടെ ഭദ്രാസനശുശ്രൂഷകളുടെ ഒരു പ്രധാന ഊന്നൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ഗുണമേന്മയുള്ളതും അതേസമയം സാമ്പത്തികമായി താങ്ങാനാകുന്നതുമായ വിദ്യാഭ്യാസസാധ്യതകൾ സംലഭ്യമാക്കുകയും നമ്മുടെ അഭ്യസ്തവിദ്യർക്ക് പരിമിതമായാണെങ്കിലും ഏതാനും ജോലി സാധ്യതകൾ സൃഷ്ടിക്കുകയുമായിരുന്നു. ഈയൊരു മേഖലയിലും കഴിഞ്ഞവർഷങ്ങളിൽ നാമനുഭവിച്ച ദൈവത്തിന്റെ അനന്തമായ കരുണ നമ്മെ അതിശയിപ്പിക്കുന്നതായിരുന്നു. 'ചെറിയ അജഗണത്തോടുള്ള' ദൈവത്തിന്റെ വലിയ കരുണയുടെ തണലിലായിരിക്കുന്ന നമുക്ക് ദൈവതിരുമുമ്പിൽ തുടർന്നും നന്ദിയുള്ളവരായിരിക്കാം. നമ്മുടെ ഭദ്രാസന ശുശ്രൂഷകളെ വിലയേറിയ പ്രാർത്ഥനകൊണ്ടും സഹകരണം കൊണ്ടും സ്നേഹവായ്പുകൊണ്ടും ത്യാഗംകൊണ്ടും പിന്തുണക്കുന്ന നമ്മുടെ വിശ്വാസകൂട്ടായ്മയോട്, സന്യസ്തരോട്, വൈദിക സഹോദരങ്ങളോട് ഞാൻ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

ഏതാനും ദിവസങ്ങൾക്കുമുമ്പു നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ കൽക്കട്ടയിലെ വിശുദ്ധ തെമോയുടെ (മദർ തെരേസ യുടെ) തിരുന്നാളിനോടനുബന്ധിച്ചു നമ്മുടെ ഭദ്രാസനദിനം നാം ആഘോഷിക്കുകയുണ്ടായല്ലോ. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും വളരെ പ്രചോദനാത്മകമായ ഒരു ഭാഗഭാഗിത്വം അതിൽ ഉണ്ടായി എന്ന തിലുള്ള സന്തോഷവും നന്ദിയും ഈ അവസരത്തിൽ ഞാൻ അറിയി ക്കുന്നു. ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നിങ്ങൾ നൽകിയ സംഭാവനകൾക്കും ആത്മാർത്ഥമായ നന്ദി.

പാറശ്ശാല കൺവെൻഷൻ

നമ്മുടെ ഭദ്രാസനത്തിലെ പ്രധാനപ്പെട്ട ഒരു ഭദ്രാസനാ ശുശ്രൂഷ യാണല്ലോ 'പാറശ്ശാല ബൈബിൾ കൺവെൻഷൻ'. കോവിഡിന്റെ പ്രത്യേക സാഹചര്യംമൂലം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നമുക്ക് ഈ കൺവെ ൻഷൻ നടത്തുവാൻ സാധിച്ചില്ല. എന്നാൽ ഈ വർഷം കൺവെൻഷൻ പുനരാരംഭിക്കുവാൻ നമ്മൾ ആഗ്രഹിക്കുകയാണ്. നവംബർ മാസം 14, 15, 16 തീയതികളിൽ നമ്മുടെ കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ചാണ് കൺവെൻഷൻ നടക്കുക. എല്ലാ ദിവസവും സന്ധ്യക്ക് 4.45 മണിക്ക് ജപമാല പ്രാർത്ഥന, വിശുദ്ധ കുർബാന, ഇവയോടുകൂടിയാണ് കൺവെൻഷൻ ആരംഭിക്കുന്നത്. ഉദാത്തമായ ക്രൈസ്തവ വിശ്വാസ ജീവിതത്തെയും കുടുംബജീവിത മൂല്യങ്ങളെയും ഊന്നിയുള്ള ഹൃദയ സ്പർശിയായ ദൈവവചന വ്യാഖ്യാനം നൽകുവാൻ സിദ്ധിയുള്ള അനു ഗ്രഹീത വചനശുശ്രൂഷകൻ ബഹുമാനപ്പെട്ട ജേക്കബ് മഞ്ഞളി അച്ചനാണ് ഈ വർഷത്തെ കൺവെൻഷൻ നയിക്കുന്നത്. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും.

പാറശ്ശാല ഭദ്രാസനാംഗങ്ങളുടെ വിശ്വാസനവീകരണവും കുടും ബങ്ങളുടെ ശാക്തീകരണവുമാണ് ഈ കൺവെൻഷൻ പ്രധാനമായും ലക്ഷ്യമാക്കുന്നത്. അതിനാൽ നമ്മുടെ സാധിക്കുന്ന എല്ലാ ഭദ്രാസനാം ഗങ്ങളും ഈ കൺവെൻഷനിൽ സംബന്ധിച്ച് അതിന്റെ നന്മ ഉൾക്കൊ ള്ളണം എന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. കൺവെൻഷനിൽ വന്നു സംബന്ധിക്കുവാനുള്ള വാഹനങ്ങൾ ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഇടവകമ്മിറ്റി അംഗങ്ങളുടെയും

നേതൃത്വത്തിൽ ക്രമീകരിക്കണം. അതോടൊപ്പം കൺവെൻഷന്റെ ചിലവിലേക്കുള്ള സാമ്പത്തിക കാര്യങ്ങളിൽ നമ്മുടെ എല്ലാ കുടുംബങ്ങളും ഉദാരമായി സഹകരിക്കണം എന്നും അഭ്യർത്ഥിക്കുന്നു. ഇനിയുള്ള ദിവസങ്ങളിൽ പ്രാർത്ഥനയോടെ നമുക്ക് ഈ കൺവെൻഷനായി ഒരുങ്ങാം.

ലഹരിവിരുദ്ധ യജ്ഞം

സമകാലീന സമൂഹത്തിൽ നാമനുഭവിക്കുന്ന ഏറ്റവും വലിയ ഒരു വിപത്താണ് ലഹരിവസ്തുക്കളുടെ വ്യാപകമായ ഉപയോഗവും അത് സംജാതമാക്കുന്ന സങ്കീർണതകളും. ലഹരിവസ്തുക്കളുടെ ഉപയോഗം കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ അതിവേഗം വർധിച്ചു വരുന്നു എന്നത് നമ്മെ വളരെയധികം വ്യാകുലപ്പെടുത്തുന്ന ഒരു കാര്യമാണ്. ഈ പ്രവണതയ്ക്ക് തടയിടുവാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് വ്യക്തികളെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും ശിഥിലമാക്കും. നമ്മുടെ സ്കൂൾ, കോളേജ് ക്യാംപസുകളും ആരാധനാലയങ്ങളുടെ ചുറ്റുപാടുകളുമൊക്കെ ലഹരി വസ്തുക്കളുടെ വ്യവഹാരസ്ഥലങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ അതീവ ഗൗരവമുള്ള ഒരു ബോധവത്കരണ പ്രക്രിയ ആരംഭിക്കുന്നതോടൊപ്പം ഈ ദുരന്തത്തെ ചെറുക്കുവാനുള്ള സംഘാതമായ ഇച്ഛാശക്തിയും നാം സംഭരിക്കേണ്ടിയിരിക്കുന്നു. സർക്കാർ തലത്തിലും സർക്കാർ ഇതര സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിലും പ്രസക്ത മായ പല കർമപരിപാടികളും ആവിഷ്കരിക്കപ്പെടുന്നുണ്ട്. അവയോ ടൊക്കെ സഹകരിക്കുന്നതിനോടൊപ്പം, നമ്മുടെ ഭദ്രാസനതലത്തിൽ ലഹരിയെ പ്രതിരോധിക്കുവാൻ സന്നദ്ധമായ ഒരു ശുശ്രൂഷാസംഘത്തിന്റെ രൂപീകരണം അനിവാര്യമായിരിക്കുന്നു. ഇടവക തലത്തിലാണ് ഇത് ആരംഭിക്കേണ്ടത്. നമ്മുടെ എല്ലാ ഇടവകകളിലും ഇടവകയിലെ അംഗ ങ്ങളുടെ സംഖ്യാബലമനുസരിച്ചു മൂന്നുപേർ മുതൽ പത്തുപേർ വരെ ഉൾക്കൊള്ളുന്ന ലഹരിവിരുദ്ധ സന്നദ്ധസംഘങ്ങൾ അടിയന്തിരമായി നാം രൂപീകരിക്കണം. ഇവരാണ് ഇടവകതലത്തിൽ ബോധവത്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടത്. ഇവരിൽ നിന്നുമാണ് ജില്ലാ സംഘങ്ങൾക്കും ഭദ്രാസനസംഘങ്ങൾക്കും രൂപം നൽകേണ്ടത്. നവംബർ മാസം 30 നു മുമ്പായി നമ്മുടെ എല്ലാ

ഇടവകകളിലും ഈ സംഘങ്ങൾ രൂപീകരിച്ചു അവരുടെ പേരുകൾ ഭദ്രാസനകേന്ദ്രത്തിൽ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ചെറുതും വലുതുമായ എല്ലാ ശുശ്രൂഷകളെയും ദൈവത്തിന്റെ തുടർന്നുള്ള പരിപാലനയിൽ സമർപ്പിക്കാം. സമാഗത മാകുന്ന ഇരുപത്തിയഞ്ചു നോമ്പുകാലം നാമേവർക്കും ഗൗരവമായ ആത്മീയ നവീകരണത്തിന്റെ അവസരമാകട്ടെ എന്ന് ആശംസിക്കുന്നു. ദൈവം നാമേവരെയും നമ്മുടെ കുംബങ്ങളെയും തുടർന്നും സംരക്ഷി ക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസയുടെയും സാന്നിദ്ധ്യവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## 92-ാമത് പുനരൈക്യ വാർഷികവും സഭാസംഗമവും



മലങ്കര സുറിയാനി കത്തോലിക്കാ സഭാ 92-ാ മത് പുനരൈക്യ വാർഷികവും സഭാസംഗമവും തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2022 സെപ്തംബർ 21-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നടന്നു. രാവിലെ 8 മണിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലുള്ള സമൂഹബലിയോടെ പുനരൈക്യ വാർഷികാഘോഷത്തിന് സമാരംഭം കുറിച്ചു. ആർച്ച് ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ, വിൻസന്റ് മാർ പൗലോസ്, സാമുവേൽ മാർ ഐറേനിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, തോമസ് മാർ യൗസേബിയോസ്, തോമസ് മാർ അന്തോണിയോസ്, എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താമാരും അഭിവന്ദ്യരായ ആന്റണി മാർ

സിൽവാനോസ്, അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് എപ്പിസ്കോപ്പാമാരും സഹകാർമ്മികരായിരുന്നു. ആലപ്പുഴ ബിഷപ്പ് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ വിശുദ്ധ കുർബാന മദ്ധ്യേ വചന സന്ദേശം നല്കി. സമൂഹബലിക്ക് ശേഷം പൊതുസമ്മേളനം സംഘടിപ്പിച്ചു. തലശ്ശേരി ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്താ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് എം.സി.എ., എം.സി.വൈ. എം. എന്നീ സംഘടനകളുടെ സഭാതല യോഗം നടത്തപ്പെട്ടു.

## ആഗോള അൽമായ സംഗമം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 92-ാ മത് പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് 26-ാമത് ആഗോള അല്മായ സംഗമം സംഘടിപ്പിച്ചു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി സംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത 'അല്മായർ സഹയാത്രികർ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. അതിനുശേഷം അഭിവന്ദ്യ സിൽവാ നോസ് എപ്പിസ്കോപ്പാ, അഭിവന്ദ്യ മാത്യുസ് മാർ പോളി കാർപ്പസ് എപ്പിസ്കോപ്പാ, വൈദിക ഉപദേഷ്ഠാവ് ഫാ. ജോൺ അരീക്കൽ, സഭാതല പ്രസിഡന്റ് പി. പോൾ രാജ്, ജനറൽ സെക്രട്ടറി വി. സി. ജോർജ്ജ്കുട്ടി, പ്രസിഡന്റ് ജോജി വിഴലിൽ, കെ.സി.എഫ്. സംസ്ഥാന ട്രഷറർ വി. പി. മത്തായി, കെ.എം.ആർ. എം. പ്രസിഡന്റ് ജോർജ് തോമസ്, ഭദ്രാസനാ പ്രസിഡന്റ് ജിനു തോമ്പുംകുഴി, ജനറൽ സെക്രട്ടറി അനി ഏനാരിൽ, ഫാ. മത്തായി മണ്ണൂർ വടക്കേതിൽ, ജേക്കബ് എം. എബ്രഹാം, സഭാതല ഭാരവാഹികളായി മേരിക്കുട്ടി എബ്രഹാം, ജേക്കബ് കളപ്പുരയ്ക്കൽ, വൽസാ ജോൺ, ജോസ് മാത്യു എന്നിവർ പ്രസംഗിച്ചു.

# ഭദ്രാസന വാർത്തകൾ

## റൂബി ജൂബിലി ഉദ്ഘാടനം




വെണ്ണിയൂർ പ്രൊവിൻഷ്യൽ ഭവനത്തിൽ വച്ച് 2022 ആഗസ്റ്റ് 27 ന് സമൂഹസ്ഥാപകൻ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ പ്രൊവിൻസ് തലത്തിലുള്ള റൂബി ജൂബിലി ഉദ്ഘാടനം പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബി യോസ് പിതാവും പാറശ്ശാല ഭദ്രാസനത്തിലെ വൈദിക ജില്ല വികാരി മാരും ഭദ്രാസനത്തിലെ വിവിധ സംഘടനകളിലെ ഭാരവാഹികളും ചേർന്ന് നിർവഹിച്ചു.

## BISHOP’S CHARITY FUND-2022

### CONVENTS

| Sl. No. | Name | Rt. No | Amount |
|---|---|---|---|
| 1 | Bethany Convent, Kulathammal | 573 | 2000.00 |
| 2 | Bethany Convent, Thachottukavu | 572 | 2000.00 |
| 3 | DM Generalate, Kudappanakunnu | 553 | 15000.00 |
| 4 | DM Provincialate, Venniyoor | 554 | 100000.00 |
| 5 | Missionaries of Unity, Edanji | 571 | 10000.00 |
| 6 | SH Convent, Kuttichal | 583 | 1000.00 |
| 7 | SH Convent, Pappanamcode | 548 | 2000.00 |
| 8 | SIC Provincialate, Nalanchira | 541 | 15000.00 |
| 9 | Sisters of Charity, Charottukonam | 574 | 5000.00 |

### INSTITUTIONS

| | | | |
|---|---|---|---|
| 1 | Holy Queen EM School, Neyyattinkara | 630 | 13000.00 |
| 2 | Mar Gregorios School, Pravachambalam | 673 | 5000.00 |
| 3 | Mother Theresa College, Nellikkadu | 542 | 100000.00 |
| 4 | Mother Theresa School, Venganoor | 567 | 5000.00 |
| 5 | Santhom Malankara College, Edanji | 663 | 8000.00 |
| 6 | St. Chrysostom’s GHSS, Nellimoodu | 650 | 67500.00 |
| 7 | St. Joseph’s EM School, Chemboor | 629 | 10000.00 |
| 8 | St. Mary’s EMS, Vandannoor | 668 | 5000.00 |
| 9 | St. Philip’s HSS, Nellikkadu | 591 | 10000.00 |
| 10 | Viswadeepthi E M School, Kattakkada | 578 | 100000.00 |
| 11 | VPS Malankara HSS, Venganoor | 641 | 50000.00 |

| | | | |
|---|---|---|---|
| **PIOUS ASSOCIATIONS** | | | |
| 1 | Catechists, Diocese of Parassala | 665 | 4000.00 |
| 2 | DCMS, Diocese of Parassala | 575 | 5000.00 |
| 3 | KCSL, Diocese of Parassala | 609 | 4000.00 |
| 4 | Legion of Mary, Diocese of Parassala | 604 | 2500.00 |
| 5 | MCA, Diocese of Parassala | 606 | 8000.00 |
| 6 | MCYM, Diocese of Parassala | 664 | 5000.00 |
| 7 | Mother's Forum, Dioceses of Parassala | 628 | 10000.00 |
| 8 | Teachers Guild, Diocese of Parassala | 676 | 10000.00 |
| 9 | Vincent De Paul, Diocese of Parassala | 605 | 5000.00 |
| **INDIVIDUALS & FAMILIES** | | | |
| 1 | Fr. Sebastian Kannamthanam | 538 | 50000.00 |
| 2 | Fr. John Padipurackal, OFM | 539 | 10000.00 |
| 3 | Fr. Hormis Puthenveettil | 592 | 10000.00 |
| 4 | Sri. Innocent & Family, Charottukonam | 543 | 10000.00 |
| 5 | Sri. I. Velappan & Family, Dhanuvachapuram | 669 | 10000.00 |
| 6 | Sri. Lazar & Family, Charottukonam | 674 | 10000.00 |
| 7 | Sri. Paulose & Family, Ettukutty | 637 | 5000.00 |
| 8 | Master Josh D Biju, Kudayal | 675 | 5000.00 |

| BISHOP'S CHARITY FUND 2022 | | | |
|---|---|---|---|
| **BALARAMAPURAM** | | | |
| **Sl. No.** | **Parishes** | **Collection** | **Receipt No.** |
| 1 | Balaramapuram | 7500.00 | 570 |
| 2 | Chowara | 2100.00 | 568 |
| 3 | Eruthavoor | 3000.00 | 565 |
| 4 | Kannamkode | 5000.00 | 566 |
| 5 | Mulloor | 5000.00 | 555 |
| 6 | Nelliyode | 2000.00 | 564 |
| 7 | Ookkode | 1000.00 | 552 |
| 8 | Pamamcode | 3000.00 | 562 |
| 9 | Pappanamcode | 2000.00 | 561 |
| 10 | Poozhikkunnu | 5000.00 | 544 |
| 11 | Pottayil | 5000.00 | 556 |
| 12 | Pravachambalam | 7500.00 | 545 |
| 13 | Punnakulam | 2000.00 | 560 |
| 14 | Thengarakonam | 2500.00 | 569 |
| 15 | Thiruvallam | 10000.00 | 563 |
| 16 | Velloorkonam | 3000.00 | 559 |
| 17 | Venniyoor | 15000.00 | 558 |
| 18 | Vizhinjam | 2000.00 | 557 |
| **CHEMBOOR** | | | |
| 1 | Amboori | 3000.00 | 616 |
| 2 | Anakuzhi | 2000.00 | 611 |

| | | | |
|---|---|---|---|
| 3 | Aruvattukonam | 2000.00 | 618 |
| 4 | Chanaikonam | 1500.00 | 622 |
| 5 | Chemboor | 3000.00 | 624 |
| 6 | Cheriyakolla-Kudayal | 5000.00 | 610 |
| 7 | Kadampra | 1000.00 | 627 |
| 8 | Kudappanamoodu | 2500.00 | 620 |
| 9 | Kuttamala | 2000.00 | 617 |
| 10 | Manchamcode | 3000.00 | 623 |
| 11 | Mannamkonam | 2000.00 | 615 |
| 12 | Marakunnam | 1000.00 | 626 |
| 13 | Muttachal | 2000.00 | 614 |
| 14 | Mylakkara | 3000.00 | 625 |
| 15 | Neerazhikonam | 2000.00 | 607 |
| 16 | Ottasekharamangalam | 2000.00 | 612 |
| 17 | Panachamoode | 3000.00 | 608 |
| 18 | Panda | 2000.00 | 621 |
| 19 | Poozhanadu | Nil | Nil |
| 20 | Vattapparambu | 2000.00 | 613 |
| 21 | Vazhichal | 2000.00 | 619 |
| | **KATTAKKADA** | | |
| 1 | Anacode | 3000.00 | 599 |
| 2 | Aruvikuzhy | 3000.00 | 588 |
| 3 | Chaikulam | 2000.00 | 595 |
| 4 | Cherukode | 2000.00 | 594 |
| 5 | Kallamam | 2000.00 | 602 |

| | | | |
|---|---|---|---|
| 6 | Kalliyal | 2000.00 | 582 |
| 7 | Kanakkuzhy | 10000.00 | 549 |
| 8 | Kandala | 3000.00 | 589 |
| 9 | Kattakkada | 5000.00 | 580 |
| 10 | Kattuvila | 3000.00 | 587 |
| 11 | Konnikkonam | 2000.00 | 597 |
| 12 | Kottoor | 3000.00 | 585 |
| 13 | Kuttichal | 6000.00 | 584 |
| 14 | Malayinkeezhu | 3000.00 | 590 |
| 15 | Mathalampara | Nil | Nil |
| 16 | Pappanam | 2500.00 | 586 |
| 17 | Pezhummoodu | 2000.00 | 598 |
| 18 | Ponneduthankuzhy | 5000.00 | 600 |
| 19 | Poovachal | 2000.00 | 596 |
| 20 | Punalal | 3500.00 | 547 |
| 21 | Punnavoor | 2000.00 | 601 |
| 22 | Puthenkavuvila | 5000.00 | 581 |
| 23 | Thachottukavu | 5000.00 | 603 |
| 24 | Thoongampara | 3000.00 | 593 |
| 25 | Thozhukkalkonam | 2500.00 | 579 |
| | **NEYYATTINKARA** | | |
| 1 | Chaikottukonam | 10000.00 | 639 |
| 2 | Chekkady | 7500.00 | 636 |
| 3 | Chemparathivila | 15000.00 | 644 |

| | | | |
|---|---|---|---|
| 4 | Ettukutty | 10000.00 | 635 |
| 5 | Kakottukonam | 2500.00 | 649 |
| 6 | Kanchampazhinji | 1500.00 | 643 |
| 7 | Kanjiramkulam | 50000.00 | 634 |
| 8 | Kannaravila | 10000.00 | 640 |
| 9 | Kariprakkonam | 2000.00 | 551 |
| 10 | Kodangavila | 7000.00 | 642 |
| 11 | Kottarakkonam | 1000.00 | 678 |
| 12 | Mar Aprem Nagar | 5000.00 | 633 |
| 13 | Mekkonam | 2000.00 | 653 |
| 14 | Pampukala | 10000.00 | 632 |
| 15 | Perumpazhuthoor | 2500.00 | 550 |
| 16 | Poovar | 10000.00 | 631 |
| 17 | Russelpuram | 5000.00 | 648 |
| 18 | Tharavila | 2500.00 | 638 |
| 19 | Vadakara | 10000.00 | 646 |
| 20 | Vandannoor | 4000.00 | 645 |
| 21 | Virali | 2000.00 | 647 |
| | | **PARASSALA** | |
| 1 | Aluvila | 5000.00 | 576 |
| 2 | Ambilikonam | 14050.00 | 654 |
| 3 | Aruvankode | 5000.00 | 666 |
| 4 | Aruviyodu | 5000.00 | 660 |
| 5 | Charottukonam | 25000.00 | 546 |

| | | | |
|---|---|---|---|
| 6 | Cheruvarakonam | 10000.00 | 662 |
| 7 | Dhanuvachapuram | 5000.00 | 656 |
| 8 | Kottamam | 2000.00 | 651 |
| 9 | Kudayal | 10000.00 | 658 |
| 10 | Kulathamal | 5000.00 | 652 |
| 11 | Kuzhinjanvila | 10000.00 | 577 |
| 12 | Manchavilakom | 5000.00 | 659 |
| 13 | Nalloorvattom | 3000.00 | 655 |
| 14 | Panayammoola | 5000.00 | 657 |
| 15 | Panayarackal | 5000.00 | 670 |
| 16 | Parassala (Cathedral) | 10000.00 | 671 |
| 17 | Pazhaya Utchakkada | 5000.00 | 672 |
| 18 | Pinkulam | 10000.00 | 667 |
| 19 | Vanniacode | 5000.00 | 661 |

# വിശ്വാസ പരിശീലന കാര്യാലയം



## രചനാ മത്സരങ്ങൾ

പാറശ്ശാല ഭദ്രാസനത്തിലെ കുഞ്ഞുങ്ങൾക്കായുള്ള രചനാമത്സരങ്ങൾ സെപ്റ്റംബർ മാസം 10-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ കുഞ്ഞുങ്ങളുടെ കൃതികൾ ഭദ്രസന തലത്തിൽ വിലയിരുത്തി വിജയികളെ കണ്ടെത്തി.

## പരീക്ഷ

പാറശ്ശാല ഭദ്രാസനത്തിൽ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ മാസം 30-ാം തീയതി അതാതു ഇടവകകളിൽ വച്ച് നടത്തപ്പെട്ടു. പരീക്ഷ ചോദ്യപേപ്പറുകൾ ഭദ്രാസന കാര്യാലയത്തിൽ നിന്ന് ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ചു.

## എം.സി.സി.എൽ. തിരഞ്ഞെടുപ്പ്

പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും എം.സി.സി.എൽ. യൂണിറ്റ് സ്ഥാപിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ജില്ലാതല തിരഞ്ഞെടുപ്പുകൾ അതാതു ജില്ലാ കേന്ദ്രങ്ങളിൽ വച്ച് ജില്ലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടത്തി. ഭദ്രാസന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് നടത്തി. ക്വിസ്, പ്രസംഗപാടവം, നേതൃത്വ പാടവം, വോട്ടിങ് തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

**ഭാരവാഹികൾ**

റിയ മരിയ ബിനു - പ്രസിഡന്റ്
ജോഷി ജോയ് - വൈസ് പ്രസിഡന്റ്
അഞ്ജലി എസ്. അനിൽ - സെക്രട്ടറി
ജോയേൽ രാജ് - ജോയിന്റ് സെക്രട്ടറി
അഞ്ജനാ രാജ് - ട്രഷറർ

### എക്സിക്യൂട്ടീവ് അംഗങ്ങൾ

ജിബിൻ രാജ്, നയന എൽ. വിൻസെന്റ്, ആഷിൻ ഷൈൻ, എയ്ഞ്ചൽ എസ്. ജോയ്.

## സത്യപ്രതിജ്ഞ




സൺഡേസ്കൂൾ, എം.സി.സി.എൽ. ഭദ്രാസനതല എക്സിക്യൂട്ടീവ് അംഗങ്ങളുടെ സത്യപ്രതിജ്ഞ 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച കുടയാൽ ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

## സർഗ്ഗോത്സവം 2022

പാറശ്ശാല ഭദ്രസനത്തിലെ വിശ്വാസ പരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ കലാമത്സരങ്ങൾ ഇടവക തലത്തിലും ജില്ലാ തലത്തിലും പൂർത്തിയായി. ഭദ്രാസനതല മത്സരങ്ങൾ 2022 നവംബർ മാസം 12-ാം തീയതി ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടത്തുന്നതാണ്.



# എം.സി.വൈ.എം.

## അസ്സീസിയൻ സെനാക്കിൾ- ബാലരാമപുരം



പാറശ്ശാല ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നടക്കുന്ന യുവജന സുന്നഹദോസ് അസ്സീസിയൻ സെനാക്കിളിന്റെ രണ്ടാമത്തെ സമ്മേളനം ബാലരാമപുരം വൈദികജില്ലയിലെ യുവജനങ്ങൾക്കുവേണ്ടി 2022 സെപ്തംബർ 11 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം ബാലരാമപുരം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് നടന്നു. ജില്ലാ ആനിമേറ്റർ സി. നിസ്സീമ ഡി.എം. പതാക ഉയർത്തിയതോടെ യുവജന സുന്നഹദോസ് ആരംഭിച്ചു. വിവിധ ഇടവകകളിൽ നിന്നായി 130 ഓളം യുവജന പ്രതിനിധികൾ സുന്നഹദോസിൽ സംബന്ധിച്ചു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ ട്രഷറാർ ശ്രീ ജസ്റ്റിൻരാജ് സ്വാഗതവും ഭദ്രാസന അസി. ഡയറക്ടർ

ബഹു. ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശവും നൽകി. നെയ്യാറ്റിൻകര ജില്ലാ വികാരി ഫാ. സാമുവേൽ പുത്തൻപുരയിൽ അസ്സീസിയൻ സെനാക്കിൾ ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് സുന്നഹദോസ് തീം, യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് യുവജനങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് മുൻകൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനമാക്കി വിഷയം ചർച്ച ചെയ്തു. റിപ്പോർട്ടവതരണ സമയത്ത് ജില്ലാ ഡയറക്ടർ ബഹു. ഫാ. മാത്യു വെട്ടിയോടിതടത്തിൽ മോഡറേറ്ററായിരുന്നു. ജില്ലാ അസി. ഡയറക്ടർ ബഹു. ജോഷാ തേനുവിളയച്ചൻ സമാപന സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി ആതിര ആർ.എസ്. ഏവർക്കും കൃതജ്ഞതയർപ്പിച്ചു. സമാപനപ്രാർത്ഥനയോടും സ്നേഹഭോജനത്തോടുംകൂടി യുവജന സുന്നഹദോസ് സമാപിച്ചു. ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതിയും ജില്ലാ സമിതിയും ബാലരാമപുരം യൂണിറ്റും നേതൃത്വം നൽകി.

## അസ്സീസിയൻ സെനാക്കിൾ - ചെമ്പൂർ



യുവജന സുന്നഹദോസ്, അസ്സീസിയൻ സെനാക്കിളിന്റെ മൂന്നാമത്തെ സമ്മേളനം ചെമ്പൂർ വൈദികജില്ലയിലെ യുവജനങ്ങൾക്കുവേണ്ടി 2022 സെപ്തംബർ 17 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം പനച്ചമൂട് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന ആനിമേറ്റർ സി. സീനാ ജോൺ ഡി.എം. എം.സി.വൈ.എം. പതാക ഉയർത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത് ലാൽ റ്റി.എസ്.ന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ. റെജി രാജ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഭദ്രാസന അസി. ഡയറക്ടർ ബഹു. ഫാ. വിമൽ വിൻ

സെന്റ് ആമുഖ സന്ദേശം നൽകി. മാതൃവേദി ഭദ്രാസന ഡയറക്ടർ ബഹു. ജോസ് പാറയിൽക്കട അസ്സീസിയൻ സെനാക്കിൾ ഉദ്ഘാടനം ചെയ്തു. സുന്നഹദോസ് തീം, യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയം ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് അവതരിപ്പിച്ചു. തുടർന്ന് യുവജനങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് മുൻ കൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനമാക്കി വിഷയം ചർച്ച ചെയ്തു. റിപ്പോർട്ടവതരണ സമയത്ത് ജില്ലാ ഡയറക്ടർ ബഹു. ജോർജ്ജ് കുരക്കോട്ട് മോഡറേറ്ററായിരുന്നു. യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോർജ്ജ് തോമസ് കരിമാൻകുളം സമാപന സന്ദേശം നൽകി. കെ.സി.വൈ.എം. സെനറ്റംഗം ശ്രീമതി ഡോ. ഷെറിൻ എസ്. ബാബു ഏവർക്കും കൃതജ്ഞതയർപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായി 150 ലധികം യുവജന പ്രതിനിധികൾ സംബന്ധിച്ച യുവജന സുന്നഹദോസ് സമാപനപ്രാർത്ഥനയോടും സ്നേഹഭോജനത്തോടുംകൂടി സമാപിച്ചു. ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതിയും ജില്ലാ സമിതിയും പനച്ചമൂട് യൂണിറ്റും നേതൃത്വം നൽകി.

## യുവജന ദിനാഘോഷം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുന്നാളിനോടനുബന്ധിച്ച് എല്ലാവർഷവും നടക്കുന്ന യുവജനദിനാഘോഷം ഈ വർഷവും അർത്ഥപൂർണമായ പരിപാടികളോടെ 2022 ഒക്ടോബർ 2–ന് ഇടവക തലത്തിൽ ആഘോഷിച്ചു. യുവജന ദിനാഘോഷത്തിന്റെ ഭാഗമായി യുവജനങ്ങൾ വി. കുമ്പസാരം നടത്തി വി. കുർബാനയിൽ സംബന്ധിച്ചു. യുവജനങ്ങളുടെ കാഴ്ച സമർപ്പണം, പതാക ഉയർത്തൽ, പൊതുസമ്മേളനം, കലാപരിപാടികൾ, ഭവന സന്ദർശനം, സ്നേഹോപകാര പ്രവർത്തികൾ എന്നിവ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചു. ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയ യൂണിറ്റ് ഡയറക്ടറച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും യൂണിറ്റ് ഭാരവാഹികൾക്കും ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ.

## 31–മത് അന്തർദേശീയ യുവജനസംഗമം

യുവജനങ്ങളുടെ 31–ാമത് സഭാതല സംഗമം പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തോനുബന്ധിച്ചുള്ള മാർ ദിവന്നാസിയോസ്

നഗറിൽ വച്ച് 2022 സെപ്തംബർ 21 ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം നടന്നു. ജീസ്സസ് യൂത്തിന്റെ നേതൃത്വത്തിൽ നടന്ന മ്യൂസിക് റിട്രീറ്റോടു കൂടി ആരംഭിച്ച സംഗമം സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ, ബഹു. വൈദികർ, സന്യസ്തർ ഉൾപ്പെടെ ധാരാളം യുവജനങ്ങൾ സംബന്ധിച്ച യുവജന സംഗമത്തിൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്ന് നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

## നന്ദി... സ്വാഗതം...

ഒരു പതിറ്റാണ്ടിലധികം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ആവേശവും പ്രോത്സാഹനവും നൽകി കൂടെയായിരുന്ന സഭാതല യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായ്ക്ക് പാറശ്ശാല യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാനായി ചുമതല ഏറ്റെടുത്ത അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് തിരുമേനിക്ക് പാറശ്ശാല യുവജനകുടുംബത്തിന്റെ സ്വാഗതവും അഭിനന്ദനങ്ങളും.

## അഭിനന്ദനങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വലിയൊരു പ്രേഷിതനായിരുന്ന വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പായുടെ ജീവിതം അടിസ്ഥാനമാക്കി തയ്യാറാക്കിയ **പ്രേഷിതവേദിയിലെ നന്മമരം** എന്ന പുസ്തകം 2022 സെപ്തംബർ 21 ന് തിരുവല്ലായിൽ വച്ച് നടന്ന പുനരൈക്യാഘോഷവേളയിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ച ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജിന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## അസ്സീസിയൻ ഉത്സവ് 2022

യുവജനങ്ങളുടെ സർഗവാസന പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിക്കുന്ന അസ്സീസിയൻ ഉത്സവ് 2022 ന്റെ ജില്ലാതല കലാമ

ത്സരങ്ങൾ  സമാപിച്ചു. ജില്ലകളിൽ വിജയികളാകുന്നവർ ഭദ്രാസന തല മത്സരങ്ങളിൽ പങ്കെടുക്കുന്നതാണ്. ഭദ്രാസനതല മത്സരങ്ങൾ 2022 ഒക്ടോബർ 24 തിങ്കളാഴ്ച ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടക്കുന്നതാണ്. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ അസ്സീസിയൻ ഉത്സവ്-2022 ന്റെ ക്രമീകരണങ്ങൾ നടന്നു വരുന്നു. രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന മത്സരങ്ങൾ രണ്ടു വേദികളിലായിട്ടായിരിക്കും നടക്കുന്നത്. വിജയികൾക്കുള്ള ട്രോഫി കളും സർട്ടിഫിക്കറ്റുകളും ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ വിതരണം ചെയ്യുന്നതാണ്.

## നിർദ്ദേശങ്ങൾ

1. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ചെസ്റ്റ് നമ്പർ രജിസ്ട്രേ ഷൻ സമയത്ത് നൽകുന്നതായിരിക്കും. എത്ര ഇനങ്ങളിൽ പങ്കെടു ത്താലും ഒരാൾക്ക് ഒരു ചെസ്റ്റ് നമ്പർ മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ ഗ്രൂപ്പ് ഇനങ്ങൾ അവതരിപ്പിക്കുമ്പോൾ ഗ്രൂപ്പ് ചെസ്റ്റ് നമ്പർ മാത്രമേ  ഉപയോഗിക്കാവൂ.

2. ഓരോ മത്സരവും ആരംഭിക്കുന്നതിനു മുമ്പ് മത്സരാർത്ഥികൾ വേദി യിൽ റിപ്പോർട്ട് ചെയ്യേണ്ടതും അവരുടെ ചാൻസ് നമ്പർ കരസ്ഥമാ ക്കേണ്ടതുമാണ്. ചാൻസ് നമ്പർ അനുസരിച്ചായിരിക്കും മത്സരത്തിൽ പങ്കെടുക്കേണ്ടത്.

3. ഒരേ സമയം രണ്ടു വേദികളിൽ വച്ചായിരിക്കും മത്സരങ്ങൾ നടക്കു ന്നത്. അതുകൊണ്ട് കൃത്യമായി അതാതു വേദികളിൽ എത്തിച്ചേ രാനുള്ള ഉത്തരവാദിത്വം മത്സരാർത്ഥികളുടേതാണ്.

**സ്റ്റേജ് -1**

ലളിതഗാനം ആൺകുട്ടികൾ
ലളിതഗാനം പെൺകുട്ടികൾ
ആരാധനാഗീതം
എം.സി.വൈ.എം. ആന്തം
മാർഗംകളി

**സ്റ്റേജ് - 2**

പ്രസംഗം പെൺകുട്ടികൾ
പ്രസംഗം ആൺകുട്ടികൾ
മോണോ ആക്ട്

മൂകാഭിനയം

**പൊതുവേദി :**

ഉച്ചയ്ക്ക് 12 ന് പേപ്പർ ക്രാഫ്റ്റ്

ഉച്ചയ്ക്ക് 3 ന് തെരുവുനാടകം

4. ഒരേ സമയം രണ്ടുവേദികളിൽ പങ്കെടുക്കാനുള്ള മത്സരാർത്ഥികൾ അവരുടെ ചാൻസ് നമ്പർ ക്രമീകരിച്ച് രണ്ടു മത്സരങ്ങളിലും കൃത്യമായി പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. മത്സരങ്ങളെ സംബന്ധിച്ച് ജഡ്ജസ് നടത്തുന്ന വിലയിരുത്തൽ അന്തിമമായിരിക്കും.

6. താഴെപ്പറയുന്ന രീതിയിലായിരിക്കും പോയിന്റുകൾ നൽകുന്നത്.

**വ്യക്തിഗത ഇനങ്ങൾ പോയിന്റ്**

ഒന്നാംസ്ഥാനം - 5 പോയിന്റ്

രണ്ടാം സ്ഥാനം - 3 പോയിന്റ്

മൂന്നാം സ്ഥാനം - 1 പോയിന്റ്

**ഗ്രൂപ്പ് ഇനങ്ങൾ പോയിന്റ്**

ഒന്നാംസ്ഥാനം - 10 പോയിന്റ്

രണ്ടാം സ്ഥാനം - 7 പോയിന്റ്

മൂന്നാം സ്ഥാനം - 5 പോയിന്റ്

**കലാമത്സരങ്ങളുടെ ഗ്രേഡ് (വ്യക്തിഗതം & ഗ്രൂപ്പ്)**

80-100 മാർക്ക് എ ഗ്രേഡ് (5 പോയിന്റ്)

60-79 മാർക്ക് ബി ഗ്രേഡ് (3 പോയിന്റ്)

40-59 മാർക്ക് സി ഗ്രേഡ് (1 പോയിന്റ്)

7. സാഹിത്യ മത്സരങ്ങളിലെ മികച്ച പ്രകടനം നടത്തുന്ന ഒരാൾക്ക് അസ്സീസിയൻ സാഹിത്യ പ്രതിഭാ പുരസ്ക്കാരവും കലാമത്സരങ്ങളിൽ മികച്ച പ്രകടനം നടത്തുന്ന ഒരു ആൺകുട്ടിക്ക് കലാപ്രതിഭാ പുരസ്കാരവും ഒരു പെൺകുട്ടിക്ക് കലാതിലകം പുരസ്കാരവും നൽകുന്നതാണ്. ഒരു ഇനത്തിലെങ്കിലും ഒന്നാം സ്ഥാനം നേടിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. വ്യക്തിഗത ഇനങ്ങളിൽ തുല്യപോയിന്റ് വന്നാൽ ഗ്രൂപ്പ് ഇനങ്ങളിലെ പങ്കാളിത്തം കൂടി പരിഗണിക്കുന്നതായിരിക്കും.

8. സാഹിത്യ മത്സരങ്ങളിൽ ഏറ്റവുമധികം പോയിന്റ് നേടുന്ന 3

ജില്ലകൾക്ക് (1,2,3) ഓവറോൾ ട്രോഫി ലഭിക്കുന്നതാണ്. കലാമത്സരങ്ങളിൽ ഏറ്റവുമധികം പോയിന്റ് നേടുന്ന 3 ജില്ലകൾക്ക് (1,2,3) ഓവറോൾ ട്രോഫി ലഭിക്കുന്നതാണ്. സാഹിത്യമത്സരങ്ങളിലും കലാമത്സരങ്ങളിലും ഏറ്റവുമധികം പോയിന്റ് നേടുന്ന 3 ജില്ലകൾക്ക് (1,2,3) അസ്സീസിയൻ ഉത്സവ് 2022 ന്റെ ഓവറോൾ ട്രോഫി ലഭിക്കുന്നതാണ്. എവറോളിംഗ് ട്രോഫികൾ കരസ്ഥമാക്കുന്ന ജില്ലകൾക്ക് ട്രോഫി അവരുടെ ഉത്തരവാദിത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. അടുത്ത വർഷത്തെ ഭദ്രാസന കലോത്സവത്തിനുമുമ്പ് ട്രോഫികൾ കേടുകൂടാതെ തിരികെ ഭദ്രാസന കാര്യാലയത്തിൽ (ചെമ്പരത്തിവിള) എത്തിക്കാനുള്ള ഉത്തരവാദിത്വം ജില്ലാ ഭാരവാഹികൾക്കായിരിക്കും.

9. മത്സരങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉള്ള പക്ഷം അപ്പീൽ ഫോം (1000 രൂപ) ഓഫീസിൽ നിന്ന് വാങ്ങി പൂരിപ്പിച്ച് ജില്ലാ ഡയറക്ടർ, ജില്ലാ പ്രസിഡന്റ് എന്നിവരുടെ ഒപ്പോടുകൂടി മത്സരം കഴിഞ്ഞ് അരമണിക്കൂറിനകം അപ്പീൽ കമ്മിറ്റി ചെയർമാനെ (രൂപതാ ഡയറക്ടർ) ഏൽപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റി അംഗങ്ങൾ ഫാ. പ്രഭീഷ് ജോർജ്ജ് (ചെയർമാൻ), ഫാ. ഷീൻ പാലക്കുഴി, ശ്രീമതി ഏയ്ഞ്ചൽ മേരി (സഭാതല പ്രസിഡന്റ്) എന്നിവരാണ്. അവസാന ഇനമായ തെരുവു നാടകത്തെ സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ 15 മിനിറ്റിനകം അപ്പീൽ നൽകേണ്ടതാണ്.

## പൊതു നിർദ്ദേശങ്ങൾ

1. മത്സരവേദിയിലും പരിസരങ്ങളിലും ക്രിസ്തീയമായ അന്തരീക്ഷം നിലനിർത്താൻ മത്സരത്തിൽ പങ്കെടുക്കുന്നവരും കൂടെ വരുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. പൊതു നിർദ്ദേശങ്ങൾ അനുസരിക്കാതെയും ക്രിസ്തീയതയ്ക്ക് യോജിക്കാത്ത വിധത്തിലും എം.സി.വൈ.എം. സംഘടനാശൈലിക്ക് വിരുദ്ധമായും പെരുമാറുന്ന വ്യക്തികളെയും ഗ്രൂപ്പുകളെയും മത്സരത്തിൽ നിന്ന് അയോഗ്യരാക്കുന്നതാണ്.

3. ജില്ലകൾക്ക് അനുവദിക്കുന്ന ഗ്രീൻ റൂമിന്റെ പൂർണമായ ഉത്തരവാദിത്വം ജില്ലാ സമിതിക്കായിരിക്കും. എതെങ്കിലും തരത്തിലുള്ള നാശനഷ്ടമുണ്ടായാൽ അതിന്റെ നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും. മത്സരവേദിയായ നസ്രത്ത് ഹോം സ്കൂൾ പൂർണമായും സി.സി.റ്റി.വി

നിരീക്ഷണത്തിലാണ്.

## സാഹിത്യോത്സവ് 2022

### മത്സരഫലം

അസ്സീസിയൻ ഉത്സവ് 2022 ന്റെ ഭാഗമായി സംഘടിപ്പിച്ച സാഹിത്യോത്സവ് മത്സരത്തിൽ ഭദ്രാസന തലത്തിൽ നടന്ന മത്സരങ്ങളുടെ ഫലം ഓൺലൈനായി പ്രഖ്യാപിച്ചു. വിജയികൾക്കുള്ള സമ്മാനങ്ങൾ അസ്സീസിയൻ ഉത്സവ് 2022 ന്റെ സമാപന വേദിയിൽ വച്ച് ഭദ്രാസനാദ്ധ്യക്ഷൻ നൽകുന്നതാണ്.

**ഉപന്യാസം മലയാളം- ആൺകുട്ടികൾ**

| സ്ഥാനം | പേര് | ഇടവക | വൈദികജില്ല |
|---|---|---|---|
| I | സുജിത്ത് എസ്.എസ്. | കാനക്കുഴി | കാട്ടാക്കട |
| II | റെജിമോൻ | അമ്പിളികോണം | പാറശ്ശാല |
| III | സുനോജ് എസ്. എൽ. | ചെമ്പരത്തിവിള | നെയ്യാറ്റിൻകര |

**ഉപന്യാസം മലയാളം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | ചിഞ്ചു എസ് | മലയിൻകീഴ് | കാട്ടാക്കട |
| II | അഞ്ചു പി. | കുടയാൽ | പാറശ്ശാല |
| III | അമല ജോസ് | എരുത്താവൂർ | ബാലരാമപുരം |

**ഉപന്യാസം ഇംഗ്ലീഷ്- ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | അജീഷ് തങ്കൻ | ചായ്ക്കോട്ടുകോണം | നെയ്യാറ്റിൻകര |
| II | സുജിത്ത് എസ്. എസ്. | കാനക്കുഴി | കാട്ടാക്കട |
| III | അഭിൻ സി.എൽ | കുടയാൽ | പാറശ്ശാല |

**ഉപന്യാസം ഇംഗ്ലീഷ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | അഞ്ജന എം. | കണ്ടല | കാട്ടാക്കട |
| II | മനുജ എം. എസ്. | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |
| III | അഭിജ സി.എൽ | കുടയാൽ | പാറശ്ശാല |

**കവിതാരചന - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | ജോബിൻ ജെ. | കുടയാൽ | പാറശ്ശാല |
| II | ഗിരീഷ് | കുടപ്പനമൂട് | ചെമ്പൂർ |

| | | | |
|---|---|---|---|
| III | കാർത്തിക് | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |

**കവിതാരചന - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | നീജാ രാജ് | കുടയാൽ | പാറശ്ശാല |
| II | അക്ഷയ | പൊറ്റയിൽ | ബാലരാമപുരം |
| III | അഞ്ജിത ജെ.റ്റി. | ചെമ്പരത്തിവിള | നെയ്യാറ്റിൻകര |

**കഥാരചന - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | അലക്സ് സി. ദാസ് | പാമ്പുകാല | നെയ്യാറ്റിൻകര |
| II | അബിൻ റ്റി.എം. | കുടയാൽ | പാറശ്ശാല |
| III | ആൽവിൻ | അരുവാട്ടുകോണം | ചെമ്പൂർ |

**കഥാരചന - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | വിദ്യ വി. | കണ്ടല | കാട്ടാക്കട |
| II | ജോമോൾ ജോയി | ചെമ്പരത്തിവിള | നെയ്യാറ്റിൻകര |
| III | ഹൃദ്യ സി. ജോസ് | വാഴിച്ചൽ | ചെമ്പൂർ |

**വേദവാക്യരചന - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I | അഭിജിത്ത് | അമ്പിളികോണം | പാറശ്ശാല |
| II | അഖിൽ റ്റി | വെണ്ണിയൂർ | ബാലരാമപുരം |
| III | സുജിൻ എസ് | പൊന്നെടുത്തക്കുഴി | കാട്ടാക്കട |

**വേദവാക്യരചന - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I | രമ്യ ആർ.എസ്. | കാട്ടുവിള | കാട്ടാക്കട |
| II | ആര്യ ജെ. അഗസ്റ്റിൻ | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |
| II | റിയ | പനച്ചമൂട് | ചെമ്പൂര് |
| III | വിനിത എസ്.ബി. | ചാരോട്ടുകോണം | പാറശ്ശാല |

**ചിത്രരചന**

| | | | |
|---|---|---|---|
| I | ബിജിഷ ബി.എ. | ചായ്ക്കോട്ടുകോണം | നെയ്യാറ്റിൻകര |
| II | നന്ദു സി.ആർ. | മുല്ലൂർ | ബാലരാമപുരം |
| II | ഷെർളി അരുൺ | മലയിൻകീഴ് | കാട്ടാക്കട |
| III | ഷാന്റോ ഉദയൻ | ചെറുവാരക്കോണം | പാറശ്ശാല |

**ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| I | മനുജ, അനില, അമൃത ഷിബു | കാഞ്ഞിരംകുളം | നെയ്യാറ്റിൻകര |


| | | | |
|---|---|---|---|
| **II** | റിയ, സംഗീത, ജോമോൾ | പനച്ചമൂട് | ചെമ്പൂർ |
| **III** | രമ്യ ആർ എസ്., അശ്വതി എ. വി. | കാട്ടുവിള | കാട്ടാക്കട |

വിജയികൾക്ക് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# എം.സി.എ.




## മാർ ബസേലിയോസ് കാതോലിക്കാ വിദ്യാർത്ഥി പുരസ്കാരം



കുവൈറ്റ് മലങ്കര കത്തോലിക്കാ അസോസിയേഷൻ നൽകുന്ന മാർ ബസേലിയോസ് കാതോലിക്കാ വിദ്യാർത്ഥി പുരസ്കാരം പാറശ്ശാല ഭദ്രാസനത്തിലെ കാട്ടാക്കട വൈദിക ജില്ലയിലെ പുത്തൻകാവുവിള ദൈവാലയത്തിലെ ജോബിൻ ആർ എസിന്. എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചത് കൂടാതെ, വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്താണ് ജോബിനെ അവാർഡിന് തിരഞ്ഞെടുത്തത്.

## അത്മായ സമ്മേളനം



തിരുവല്ലായിൽ വച്ച് നടന്ന പുനരൈക്യ വാർഷികത്തിലെ അത്മായ ദിനാഘോഷത്തിന് പാറശ്ശാല ഭദ്രാസന സമിതിയിൽ നിന്നും 50 പേർ പങ്കെടുത്തു. ഭദ്രാസന പ്രസിഡന്റ് ധർമരാജ്, ജനറൽ സെക്രട്ടറി

സബീഷ് പീറ്റർ, ട്രഷറർ സുമനലാൽ തുടങ്ങിയവരുടെ നേതൃത്വത്തി ലാണ് വിവിധ ജില്ലകളിൽ നിന്നും അത്മായർ പങ്കെടുത്തത്.

## ആദരവ്

തിരുവല്ലയിൽ വച്ച് നടന്ന പുനരൈക്യ അത്മായ സമ്മേളനത്തിൽ വച്ച് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷനും എം.സി.എ.യുടെ ചെയർമാനുമായ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് സഭാതല സമിതിയുടെ പ്രത്യേക ആദരവായി എം.സി.എ. പാറശ്ശാല ഭദ്രാസന സെക്രട്ടറി ശ്രീ. സബീഷ് പീറ്ററിനെ പൊന്നാടയണിയിച്ച് ആദരിച്ചു. അദ്ദേഹം രചിച്ച 'ഫാദർ മത്തായി മലഞ്ചെരുവിൽ അതുല്യനായ മിഷണറി' എന്ന ഗ്രന്ഥത്തിന്റെ സഭാതല കാഴ്ചപ്പാടിനാണ് ആദരവ്.

## ശാന്തിയാത്ര



ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സ്മരണാർത്ഥം മാർ ഈവാനിയോസ് കോളേജ് ചാപ്പലിൽ നിന്നും പട്ടം കത്തീഡ്രൽ കബറിടത്തിലേക്ക് നടന്ന ശാന്തിയാത്രയിൽ ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ് പിൻകുളം ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം എന്നിവരുടെ നേതൃത്വത്തിൽ എം.സി.എ. പ്രവർത്തകർ പങ്കെടുത്തു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്






എം.സി.എ. നെയ്യാറ്റിൻകര വൈദിക ജില്ല സമിതിയുടെ നേതൃത്വത്തിൽ നിംസ് ഹോസ്പിറ്റലുമായി ചേർന്ന് പൂവാർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## നാഷണൽ കൗൺസിൽ വാർഷിക പൊതുമീറ്റിംഗ് (AGM)

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ 68-ാ മത് വാർഷിക പൊതുമീറ്റിംഗ് കൊല്ലം ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്ററിൽ വച്ച് 2022 സെപ്റ്റംബർ 15, 16, 17, 18 തീയതികളിൽ നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് ബ്രദർ ജൂഡ് Z R മംഗൽ രാജിന്റെ അദ്ധ്യക്ഷതയിൽ നടത്തി. പ്രസ്തുത മീറ്റിംഗിൽ പാറശ്ശാല സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ഐ. വേലപ്പൻ സംബന്ധിച്ചു. ഇന്ത്യയിലെ എല്ലാ സെൻട്രൽ കൗൺസിലുകളിലെയും പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സാധിച്ചു. പാറശ്ശാല സെൻട്രൽ കൗൺസിലിലെ 18 കോൺഫറൻസുകൾക്ക് അഗ്രിഗേഷൻ ലഭിച്ചു. അഗ്രിഗേഷൻ എന്നാൽ ഇന്റർനാഷണൽ കൗൺസിൽ ജനറലുമായി നമ്മുടെ 18 കോൺഫറൻസുകളും സംയോജനം ചെയ്യപ്പെട്ടു എന്നാണ്. പ്രസ്തുത കോൺഫറൻസുകൾക്കും അത് ലഭിക്കുന്നതിനു വേണ്ടി പരിശ്രമിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

അഗ്രിഗേഷൻ ലഭിച്ച കോൺഫറൻസുകൾ.

1. St. Mary Women Conference, Velloorkonam
2. St. Antony Conference, Perumpazhuthoor
3. Sacred Heart Youth Conference, Neeramankuzhy
4. St. Joseph Conference Malayinkil
5. St. Mary Youth Conference, Kattakkada
6. St. Mary Conference, Pappanamcode
7. St. Alphonsa Youth Conference, Thiruvallam
8. Sacred Heart Conference, Ookkode
9. St. Antony Conference, Kannamcode

10. St. Mary Conference, Poozhikunnu
11. St. Mary Conference, Thenkarakonam
12. St. Joseph Conference, Balaramapuram
13. St. George Conference, Pravachambalam
14. Karunya Matha Women Conference, Venniyoor
15. St. Antony Conference. Poovar
16. St. Antony Conference, Kodangavila
17. Nithya Sahaya Matha Women Conference, Kanjiramkulam
18. St. George Conference, Kannaravila

## പാറശാല സി.സി. കൗൺസിൽ മീറ്റിംഗ്

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ മൂന്നു മാസത്തിലൊരിക്കൽ നടത്തുന്ന കൗൺസിൽ മീറ്റിംഗ് സി.സി. ഓഫീസിൽ വച്ച് 2022 ഒക്ടോബർ 8 ശനിയാഴ്ച 9.30 ന് സി.സി. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഈ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യാത്മീയ ഉപദേഷ്ടാവായ വെരി റവ. ഫാ. ആൻറണി പ്ലാംപറമ്പിൽ സംബന്ധിക്കുകയും അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു

<u>തീരുമാനങ്ങൾ</u>

1. സി.സി. തലം മുതൽ കോൺഫറൻസ് തലം വരെയുള്ള കണക്ക് ഓഡിറ്റ് ചെയ്യുന്നതിന് മൂന്ന് ഓഡിറ്റേഴ്സിനെ നിയമിച്ചു.
2. യൂത്ത് റെപ്രസെന്റേറ്റീവായി ബാലരാമപുരം എ.സി.യിലെ സുനിതാ പ്രതാപിനെ നിയമിച്ചു.
3. കേരളാ റീജിയണൽ കോർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് കോമ്പറ്റീഷന് വേണ്ട തീരുമാനങ്ങൾ എടുത്തു. കോൺഫറൻസ് തലത്തിൽ ഒക്ടോബർ മാസത്തിലും ഏര്യാ കൗൺസിൽ തലത്തിൽ നവംബർ 20 നും സെൻട്രൽ കൗൺസിൽ തലത്തിൽ 2023 ജനുവരി ഒന്നിനും നടത്തുന്നതിനും തീരുമാനിച്ചു.
4. എല്ലാ ഇടവകകളിലും മിനി വിന്നീസ് - 12 മുതൽ 17 വയസ്സുവരെ പ്രായമുള്ള ജൂനിയർ കോൺഫറൻസുകൾ സ്ഥാപിക്കുന്നതിന് സി. സി. പ്രസിഡന്റ് നിർദ്ദേശം നൽകി.

5. അഗ്രിഗേഷനും ടിന്നിംഗിനും വേണ്ടിയുള്ള അപേക്ഷകൾ ഒക്ടോബർ 8 ന് മുമ്പ് നൽകുന്നതിന് തീരുമാനിച്ചു.
6. പാവപ്പെട്ട ക്യാൻസർ രോഗികൾക്കും പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം നൽകുന്നതിനായി വിവിധ ഷോപ്പുകളിൽ കളക്ഷൻ ബോക്സ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.
7. 25 കുട്ടികൾക്ക് പഠന സ്കോളർഷിപ്പ് നൽകുന്നതിന് തീരുമാനിച്ചു.

## കാനകുഴി ഏര്യാ കൗൺസിൽ വാർഷികം

വിവിധ പരിപാടികളോടെ കാനകുഴി ഏര്യാ കൗൺസിലിന്റെ വാർഷികം സമുചിതമായി മാതളംപാറ ദൈവാലയത്തിൽ വച്ച് നടത്തി. വെരി റവ. ഫാ. തോമസ് കുളങ്ങരയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും ബ്ര. ജോൺ കുളത്തൂരിന്റെ ക്ലാസ്സും തുടർന്ന് പൊതുയോഗവും നടത്തി. പ്രസ്തുത യോഗം സി.സി. പ്രസിഡന്റ് ബ്രദർ ഐ. വേലപ്പൻ ഉദ്ഘാടനം ചെയ്തു.

## കാഞ്ഞിരംകുളം എ.സി. സെമിനാർ




കാഞ്ഞിരംകുളം ഏര്യാ കൗൺസിലിന്റെ ഏകദിന സെമിനാർ കാഞ്ഞിരംകുളം ഏര്യാ കൗൺസിൽ വൈദിക ഉപദേഷ്ടാവ് ബഹു. ക്രിസ്തുരാജൻ ഒ.ഐ.സി. അച്ചൻ ഉദ്ഘാടനം ചെയ്യുകയും സി.സി പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഏര്യാ കൗൺസിൽ പ്രസിഡന്റ് ആർ. എം. ജോസ് കുമാർ അദ്ധ്യക്ഷത വഹിച്ചു. സി. സി. ട്രഷറർ ബ്രദർ പൗലോസ് ആശംസകളർപ്പിച്ചു.



# Kshema Integrated Development Society (KIDS)

## കാൻസർ ബോധവത്കരണ സെമിനാർ




കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ആശാ കിരണം പരിപാടിയുടെ ഭാഗമായി 2022 ഓഗസ്റ്റ് 13 നു ചാരോട്ടുകോണം ദൈവാലയത്തിൽ വച്ച് ഭദ്രാസന മാതൃസമാജവുമായി സഹകരിച്ചു കാൻസർ ബോധവത്കരണ സെമിനാറും രോഗനിർണയവും സംഘടിപ്പിച്ചു. തിരുവനന്തപുരം കിംസ് ആശുപത്രിയും ഡോക്ടർ ഹേമയും ഈ പരിപാടിയിൽ നമ്മെ സഹായിച്ചു. ക്ലാസ്സുകൾക്ക് ഡോക്ടർ ഹേമയും ഫാദർ ജോർജ് വെട്ടിക്കാട്ടിലും നേതൃത്വം നൽകി. പാറശ്ശാല ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. വൈദിക ജില്ലാ വികാരി ഫാ. തോമസ് ഈട്ടിക്കാലയിൽ, മാതൃസമാജം ഡയറക്ടർ ഫാ. ജോസ് പാറയിൽകട എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## ഒറ്റ ഞാർ നെൽകൃഷി പരിശീലനം

കേരളാ സോഷ്യൽ സർവീസ് ഫോറം നടപ്പിലാക്കുന്ന ഈ




പദ്ധതിയുടെ പരിശീലനത്തിൽ ക്ഷേമയിൽ നിന്നും ശ്രീ. മണിയൻ. കെ. പങ്കെടുത്തു. 10000 രൂപയുടെ ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി ക്ഷേമയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നത്.

## തീരദേശ ജനതയ്ക്കു ഐക്യദാർഢ്യം

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തീരദേശജനതയുടെ സംരക്ഷണത്തിനായി നടത്തപ്പെടുന്ന അവകാശ സംരക്ഷണ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ ഭദ്രാസനത്തിൽ നിന്നും അഭിവന്ദ്യ പിതാവും വന്ദ്യ വികാരി ജനറാൾ അച്ചനും വൈദികരും അത്മായ നേതാക്കളും സംബന്ധിച്ച് സംസാരിക്കുകയുണ്ടായി.

## പരിശീലനത്തിൽ പങ്കെടുത്തു



തിരുവനന്തപുരം എം.എസ്.എസ്.എസ്.ൽ വച്ച് നടത്തിയ പരിശീലന പരിപാടിയിൽ നമ്മുടെ ഭദ്രാസനത്തിൽ നിന്നും ഫാ. ജോൺ

പുന്നാരയുടെ നേതൃത്വത്തിൽ മൂന്ന് പേർ സംബന്ധിച്ചു. 2022 സെപ്റ്റംബർ 13, 14 തീയതികളിൽ സെൻസ് ഇന്റർനാഷണൽ എന്ന ഏജൻസിയാണ് പരിശീലനം സംഘടിപ്പിച്ചത്.

## ദർശൻ മീറ്റിംഗ്




കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിലുള്ള 'ദർശൻ' എന്ന വനിതാ വിഭാഗം വാർഷിക പൊതുയോഗത്തിൽ ക്ഷേമ യിൽ നിന്നും ശ്രീമതി പ്രണിത സംബന്ധിച്ചു.

## Garden of Eden Training




KSSF സൗത്ത് സോണിലുള്ള 5 രൂപതകൾക്കായി സംഘടിപ്പിച്ച ജൈവപോഷകാഹാര അടുക്കളത്തോട്ട നിർമാണ പരിശീലനത്തിൽ ക്ഷേമയിൽ നിന്നും ഡയറക്ടർ ഉൾപ്പെടെ മൂന്നുപേർ സംബന്ധിച്ചു.

## സജീവം ലഹരിവിമുക്ത ക്യാമ്പെയ്ൻ



കാരിത്താസ് ഇന്ത്യയുടെയും കെ.സി.ബി.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ലഹരി വിമുക്ത ക്യാമ്പെയ്ന് ഒക്ടോബർ 7 ന് പി.ഒ.സി.യിൽ വച്ച് ആരംഭം കുറിച്ചു. മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്ത ഭദ്രദീപം തെളിയിച്ചു പരിപാടി ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇന്ത്യ ഡയറക്ടർമാരായ റവ ഫാ. പോൾ മൂഞ്ഞേലി, ഫാ. ജോളി പുത്തൻപുര, ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലക്കാപ്പള്ളി എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി സംസാരിച്ചു. രൂപതകളുടെ ആഭിമുഖ്യത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപരിപാടികൾ തയ്യാറാക്കുവാൻ യോഗം നിർദേശിച്ചു. ക്ഷേമയിൽ നിന്നും ശ്രീ. ജോയ് ഫ്രാൻസിസ് ഈ പരിപാടിയിൽ സംബന്ധിച്ചു.

## വയോജന ദിനം ആചരിച്ചു

ക്ഷേമയുടെയും ഹെൽപേജ് ഇന്ത്യയുടേയും സംയുക്ത സഹകരണത്തോടു കൂടി നെയ്യാറ്റിൻകര മാതൃക സായംപ്രഭ ഹോമിലെ അന്തേവാസികളെ പങ്കെടുപ്പിച്ചു കൊണ്ട് നെല്ലിമൂട് സെന്റ് ക്രിസോസ്റ്റംസ് ഗേൾസ് ഹൈസ്കൂളിൽ വച്ച് ഒക്ടോബർ 15 നു വയോജന ദിനം സമുചിതമായി ആചരിച്ചു. അമ്മമാരുടെ വ്യത്യസ്തമായ കലാപരിപാടികൾ കുട്ടികളെ ആവേശഭരിതരാക്കി. ഒരു പുത്തൻ ഉൾക്കാഴ്ച വിദ്യാർത്ഥികൾക്ക് നൽകുവാൻ ഈ പരിപാടി സഹായിച്ചു. ഹെഡ്മിസ്ട്രസ്സ് ശ്രീമതി ലിറ്റിൽ




ടീച്ചർ, ഫാദർ ജോർജ് വെട്ടിക്കാട്ടിൽ, ശ്രീ. അനീഷ് എസ്, ശ്രീ. ജോയ് ഫ്രാൻസിസ് എന്നിവർ യോഗത്തിൽ സംസാരിക്കുകയുണ്ടായി.



## മാതൃവേദി

### ജപമാല മാസാചരണം

പാറശ്ശാല ഭദ്രാസന മാതൃവേദിയുടെ ആഭിമുഖ്യത്തിൽ കാട്ടാക്കട വൈദിക ജില്ലയിലെ തച്ചോട്ട്കാവ് ലോക മാതാ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2022 ഒക്ടോബർ 22-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ ജപ മാല മാസാചരണം നടത്തി.

### മാതൃജ്യോതിസ് 22-23

പാറശ്ശാല ഭദ്രാസനത്തിലെ അമ്മമാരുടെ സർഗ്ഗരചനാവാസനകളെ പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും "മാതൃജ്യോതിസ് 22 - 23' എന്ന പേരിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

രചനാ മത്സരം - 2022 ഡിസംബർ 11-ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ.

കലാമത്സരം - ജില്ലാതലം;

- ഭദ്രാസനതലം; 2023 ജനുവരി 26 നസറത്ത് ഹോം സ്കൂൾ, ബാലരാമപുരം

## മത്സര ഇനങ്ങൾ

1. കവിതാ രചന - 2.00 മുതൽ 2.45 വരെ

2. കഥാരചന - 2.50 മുതൽ 3.50 വരെ
(വിഷയങ്ങൾ മത്സരസമയം നൽകുന്നതായിരിക്കും)

3. വേദവാക്യ രചന - 4.00 മുതൽ 4.20 വരെ (20 മിനിട്ട്)
(നൽകപ്പെടുന്ന ഭാഗങ്ങളിൽ നിന്നും എഴുതേണ്ടതാണ്.)

## കലാമത്സര ഇനങ്ങൾ

1. ലളിതഗാനം - ക്രിസ്തീയ ഗാനം 5 മിനിട്ട്

2. പ്രസംഗം 5 മിനിട്ട് (സിനഡാലിറ്റി എന്ന വിഷയത്തെ ആസ്പദമാക്കി) (വിഷയം മത്സരസമയം നൽകുന്നതാണ്)

3. ബൈബിൾ വായന - 2 മിനിട്ട്


4. ആരാധന ഗീതം - 7 മിനിട്ട് (മലങ്കര ആരാധനാക്രമത്തിലെ സ്ത്രീകളുടെ ശവസംസ്ക്കാരം 3, 4 ശുശ്രൂഷകൾ, പാടേണ്ട ഗാനങ്ങൾ മത്സരദിവസം നൽകുന്നതായിരിക്കും) 5 മുതൽ 7 വരെ അംഗങ്ങൾക്ക് പങ്കെടുക്കാം.

5. ടാബ്ലോ - യേശു ചെയ്ത അത്ഭുതങ്ങൾ (3 മിനിട്ട് മുന്നൊരുക്ക സമയം, നിശ്ചലം, പശ്ചാത്തല സംഗീതം പാടില്ല. (10 വരെ അംഗങ്ങൾക്ക് പങ്കെടുക്കാം). താഴെ കൊടുത്തിരിക്കുന്നതിൽ ഒരു അത്ഭുതം അവതരിപ്പിക്കാം.

1. തളർവാതരോഗിയെ സുഖപ്പെടുത്തുന്നു (മാർക്കോസ് 2. 1-12)
2. അന്ധർക്ക് കാഴ്ച നൽകുന്നു. (മത്തായി 9.27 - 31)
3. കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു (ലൂക്കാ 8. 22-25)
4. ലാസറിനെ ഉയിർപ്പിക്കുന്നു (യോഹന്നാൻ 11, 38 - 44)
5. കാനായിലെ വിവാഹ വിരുന്ന് (യോഹന്നാൻ 2. 1-11)
6. അന്ധന് കാഴ്ച നൽകുന്നു. (മാർക്കോസ് 8. 22- 26)

## നിർദ്ദേശങ്ങൾ

1) പാറശ്ശാല ഭദ്രാസനത്തിലെ വിവാഹിതരായ സ്ത്രീകൾക്കും 30 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2) കലാ, രചനാ മത്സരങ്ങളുടെ രജിസ്ട്രേഷൻ ഫോം ജില്ലാ സമിതി അറിയിക്കുന്ന സമയത്ത് ജില്ലാ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.
3) ജില്ലാതല കലാമത്സര തീയതി ജില്ലാ സമിതിക്ക് തീരുമാനിക്കാവുന്നതാണ്.
4) രചനാ മത്സരങ്ങളും സംഘയിനങ്ങളും ഒഴികെ കലാമത്സരങ്ങളിൽ ഒരാൾക്ക് 2 ഇനങ്ങളിൽ പങ്കെടുക്കാം.
5) ഭദ്രാസന തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് മാത്രമേ സമ്മാനം ഉണ്ടായിരിക്കുകയുള്ളൂ.
6) രചനാ കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന വ്യക്തിക്ക് **മാതൃതിലകം** എന്ന പേരിൽ ട്രോഫിയും ലഭിക്കുന്നതായിരിക്കും.
7) രചനാ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന വ്യക്തിയുടെ രചന ഭദ്രാസന സമിതിയെ 2022 ഡിസംബർ 31-ാം തീയതിക്ക് മുമ്പായി ഏൽപ്പിക്കേണ്ടതാണ്.
8) കലാമത്സരങ്ങളിൽ ജില്ലകളിൽ 1-ാം സ്ഥാനം കരസ്ഥമാക്കുന്നവരാണ് ഭദ്രാസനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
9) കലാമത്സര രജിസ്ട്രേഷൻ ഫോം ജില്ലാസമിതി 2023 ജനുവരി 15-ാം തീയതിക്ക് മുമ്പായി ഭദ്രാസന സമിതിയെ ഏൽപ്പിക്കേണ്ടതാണ്.
10) ഭദ്രാസന മത്സരങ്ങൾക്ക് ജില്ലയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് 1500 രൂപ നൽകേണ്ടതാണ്.



# വിദ്യാഭ്യാസം

## രൂപതാ സന്ദർശനം




ഗിൽഡിന്റെ സംസ്ഥാന പ്രതിനിധികൾ രൂപത വിസിറ്റുമായി ബന്ധപ്പെട്ട് പാറശ്ശാല രൂപതയിൽ 2022 ഒക്ടോബർ 23-ാം തീയതി സന്ദർശനം നടത്തി.

## ലഹരി വിരുദ്ധ ബോധവത്കരണ റാലി




ഇടഞ്ഞി സാന്തോം മലങ്കര ആർട്സ് ആൻഡ് സയൻസ് കോളേ

ജിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ നിന്നും മലയിൽ കട ജംഗ്ഷനിലേക്ക് ലഹരി വിരുദ്ധ ബോധവത്കരണ റാലി സംഘടിപ്പിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. വിബിൻ ബർണാഡ് ഫ്ളാഗ് ഓഫ് ചെയ്ത റാലിയിൽ, വടകര വാർഡ് മെമ്പർ മഞ്ജുഷ ജയൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.





പുനരൈക്യ വാർഷികത്തിലെ അത്മായ ദിനാഘോഷത്തിന് പാറശ്ശാല ഭദ്രാസന സമിതിയിൽ നിന്നും പങ്കെടുത്തവർ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് തിരുമേനിയോടൊപ്പം



ഹെസദ് 2022 ൽ പങ്കെടുത്തവർ



ഒക്ടോബർ മാസം 14, 15 തീയതികളിൽ കൊടങ്ങാവിളയിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ

Design & Layout : Syam, Nia Graphics, Chowara 9747 044 811



31 – മത് അന്തർദേശീയ യുവജനസംഗമത്തിൽ പങ്കെടുത്ത പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങൾ

Printed and Published by Very Rev. Fr. Hormis Puthenveettil (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502